"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കാലാവധി അവസാനിച്ചതും യഥാസമയം പുതുക്കുവാനാകാത്തതുമായ AC, Lift, Fire fighting കോൺട്രാക്ടർ ലൈസൻസുകൾ, അപേക്ഷ സമർപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്കിൽ പിഴയൊടുക്കി പുതുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.24/2025/PWD തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:-
1. സ.ഉ(കൈ) നം. 06/2023/പൊ.മ.വ തീയതി: 02.01.2023.
2. സ.ഉ(സാധാ) നം. 433/2024/പി.ഡബ്ല്യൂ.ഡി തീയതി: 02.04.2024.
3. പൊതുമരാമത്ത് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ 06.09.2024 തീയതിയിലെ CEPWD/9059/2024-Admn/PLA നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

AC, Lift, Fire fighting കരാറുകാർക്ക് ലൈസൻസ് കാലാവധി ഒരു വർഷമാണ്. പിഴയോടുകൂടി ആയത് പുതുക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലില്ല. എന്നാൽ Civil, Electrical, Electronics കോൺട്രാക്ടർ ലൈസൻസുകളുടെ കാലാവധി നിലവിൽ 5 വർഷമാണ്. കൂടാതെ Civil, Electrical, Electronics കോൺട്രാക്ടർ ലൈസൻസുകൾ പിഴയോടുകൂടി പുതുക്കുന്നതിന് നിലവിൽ കാലാവധി തീരുന്ന (മാർച്ച് 31) വർഷത്തെ മാർച്ച് 1 മുതൽ മാർച്ച് 31 വരെ അപേക്ഷിക്കാനാകും. ആയതിനാൽ കാലാവധി അവസാനിച്ചതും യഥാസമയം പുതുക്കുവാനാകാത്തതുമായ AC, Lift, Fire fighting കോൺട്രാക്ടർ ലൈസൻസുകൾ, അപേക്ഷ സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ പ്രത്യേക നിരക്കിൽ പിഴയൊടുക്കി പുതുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകണമെന്ന് പരാമർശം (3) മുഖേന പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കാലാവധി അവസാനിച്ചതും എന്നാൽ സമയബന്ധിതമായി ലൈസൻസ് പുതുക്കുവാൻ സാധിക്കാത്തതുമായ AC, Lift, Fire fighting കരാറുകാർക്ക്, അപേക്ഷ സമർപ്പിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും വിധം പ്രത്യേക നിരക്കിൽ പിഴയൊടുക്കി പുതുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | **അപേക്ഷ സമർപ്പിക്കുന്ന കാലാവധി** | **പിഴത്തുക(₹ )** |
|---|---|---|
| 1. | കാലാവധി അവസാനിച്ചതിന് ശേഷം | നിലവിൽ ഇലക്ട്രിക്കൽ കരാറുകാർക്ക് മാർച്ച് 31 വരെ ബാധകമായ (പരാമർശം (2) പ്രകാരം |

| | | |
|---|---|---|
| | 1 മാസ കാലയളവിനുള്ളിൽ. | നിശ്ചയിച്ച) പിഴയുടെ ഇരട്ടി പിഴ. |
| 2. | കാലാവധി അവസാനിച്ചതിന് ശേഷം 2 മുതൽ 4 മാസം വരെ | നിലവിൽ ഇലക്ട്രിക്കൽ കരാറുകാർക്ക് ബാധകമായ (പരാമർശം (2) പ്രകാരം നിശ്ചയിച്ച) പിഴയുടെ നാലിരട്ടി പിഴ. |
| 3. | കാലാവധി അവസാനിച്ചതിന് ശേഷം 5 മുതൽ 7 മാസം വരെ | നിലവിൽ ഇലക്ട്രിക്കൽ കരാറുകാർക്ക് ബാധകമായ (പരാമർശം (2) പ്രകാരം നിശ്ചയിച്ച) പിഴയുടെ ആറിരട്ടി പിഴ. |
| 4. | കാലാവധി അവസാനിച്ചതിന് ശേഷം 8 മുതൽ 10 മാസം വരെ | നിലവിൽ ഇലക്ട്രിക്കൽ കരാറുകാർക്ക് ബാധകമായ (പരാമർശം (2) പ്രകാരം നിശ്ചയിച്ച) പിഴയുടെ എട്ടിരട്ടി പിഴ. |

3) കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിൽ മേൽ ഭേദഗതി വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

പൊതുമരാമത്ത് വകുപ്പിലെ എല്ലാ ചീഫ് എഞ്ചിനീയർമാർക്കും

പൊതുമരാമത്ത് വകുപ്പിലെ എല്ലാ രജിസ്റ്ററിങ്ങ് അധികാരികൾക്കും (ചീഫ് എഞ്ചിനീയർമാർ മുഖേന)

എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇ-ഗവേണൻസ്), പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (2948026/I&PW-B2/291/2024-FIN തീയതി 27.03.2025)

തദ്ദേശ സ്വയംഭരണ വകുപ്പ്

ജലവിഭവ വകുപ്പ്

ഐ&പി.ആർ(വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (PWD-H3/131/2024-PWD).

ഉത്തരവിൻ പ്രകാരം

Signed by
Jameela. S
Date: 11-04-2025 12:51:56

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് ന്

2. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്